**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1616** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>തീരദേശ നിയന്ത്രണ മേഖല നിയമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ, ചാലിയം, കടലുണ്ടി തീരമേഖലകളിൽ തീരദേശ നിയന്ത്രണ മേഖല (സി.ആർ.സെഡ്) നിയമത്തിന്റെ പേരിൽ രജിസ്ട്രേഷൻ നിഷേധിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ബേപ്പൂർ, ചാലിയം കടലുണ്ടി തീരമേഖലകളിൽ തീരദേശ നിയന്ത്രണ മേഖല (സി.ആർ.സെഡ്) നിയമത്തിന്റെ പേരിൽ രജിസ്ട്രേഷൻ നിഷേധിക്കപ്പെട്ടിട്ടില്ല.

**(ബി)** മത്സ്യത്തൊഴിലാളികൾക്കും പരമ്പരാഗത താമസക്കാർക്കും ചെറിയ ഭൂമികൈമാറ്റം ചെയ്യുന്നതിൽ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അല്ലെങ്കിൽ പ്രത്യേക പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള 'പുനർഗേഹം' പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് കെട്ടിടത്തോടുകൂടിയ ഭൂമിയോ, ഭൂമി മാത്രമോ കൈമാറ്റം ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ യഥാക്രമം 20.12.2021 തീയതിയിലെ G.O.(P) No.130/2021/TAXES, GO (P)No.131/2021/TAXES എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**